പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4031 16/12/2014-ൽ മറുപടിക്ക്

**കുന്നംകുളം കെ.എസ്.ഇ.ബി. ഡിവിഷൻ ആഫീസിനു കീഴിൽ വൈദ്യുതി കണക്ഷന് അപേക്ഷിച്ചവർ.**

ചോദ്യം

ശ്രീ. ബാബു.എം.പാലിശ്ശേരി.

മറുപടി

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പ് മന്ത്രി)

(എ) കുന്നംകുളം കെ.എസ്.ഇ.ബി. ഡിവിഷൻ ആഫീസിനു കീഴിൽ വരുന്ന സെക്ഷൻ ഓഫീസിനു കീഴിൽ വൈദ്യുതി കണക്ഷന് അപേക്ഷിച്ചവരിൽ ഇനിയും എത്ര പേർക്ക് കണക്ഷൻ നൽകാനുണ്ട് ;

(എ) 34 കണക്ഷൻ നൽകാനുണ്ട്.

(ബി) ഇതിൽ ഗാർഹിക, കാർഷിക കണക്ഷനുകൾ എത്ര വീതം വരും; സെക്ഷൻ ആഫീസു തിരിച്ച് പ്രത്യേകം വ്യക്തമാക്കുമോ ;

(ബി)വൈദ്യുതി കണക്ഷൻ നൽകാനുള്ളവയുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമനമ്പർ | ഇലക്ട്രിക്കൽ സെക്ഷൻ | കണക്ഷൻ നല്കുന്നതിന് ചെലവാകുന്ന തുക അടച്ച അപേക്ഷകരിൽ 09.12.2014 മുതൽ കണക്ഷൻ ലഭ്യമാക്കാനുള്ളവർ | | | |
|---|---|---|---|---|---|
| | | ഗാർഹികം | കാർഷികം | മറ്റുള്ളവർ | ആകെ |
| 1 | കുന്നംകുളം | 0 | 0 | 0 | 0 |
| 2 | പഴഞ്ഞി | 0 | 0 | 0 | 0 |
| 3 | പെരുമ്പിലാവ് | 0 | 0 | 0 | 0 |
| 4 | കേച്ചേരി | 0 | 0 | 0 | 0 |
| 5 | മുണ്ടർ | 1 | 1 | 5 | 7 |
| 6 | കുനംമൂച്ചി | 1 | 1 | 3 | 5 |
| 7 | ഗുരുവായൂർ | 0 | 0 | 0 | 0 |
| 8 | ബീച്ച് | 2 | 3 | 2 | 7 |

| | | | | | |
|---|---|---|---|---|---|
| 9 | ചാവക്കാട് | 3 | 1 | 2 | 6 |
| 10 | പുന്നയൂർക്കുളം | 6 | 0 | 3 | 9 |
| 11 | ബിഗ്ബസാർ | 0 | 0 | 0 | 0 |
| | **ആകെ** | **13** | **6** | **15** | **34** |

ഗാർഹികം - 13
കാർഷികം - 6
മറ്റുള്ളവർ - 15
ആകെ - 34

(സി) ഇത്രയും പേർക്ക് എന്നത്തേയ്ക്ക് വൈദ്യുതി കണക്ഷൻ നൽകാൻ കഴിയും എന്നാണ് പ്രതീക്ഷി ക്കുന്നത്; വിശദാംശം വ്യക്ത മാക്കുമോ ?

**(സി)** കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2014 പ്രകാരം, ലൈൻ നീട്ടൽ ആവശ്യമില്ലാത്ത വൈദ്യുതി കണക്ഷനുകൾ അപേക്ഷ ലഭിച്ച് 7 ദിവസപരിധിക്കുള്ളിൽ സ്ഥല പരിശോധന നടത്തി എസ്റ്റിമേറ്റ് തയ്യാറാക്കി, 30 ദിവസ പരിധിക്കുള്ളിൽ WP കണക്ഷനുകളും, 1 കി.മീറ്റർവരെയുള്ള OH ലൈൻ നീട്ടൽ ആവശ്യമുള്ള വൈദ്യുതി കണക്ഷനുകൾ 45 ദിവസങ്ങൾക്കുള്ളിലും പിന്നീടുള്ള ഓരോ കിലോ മീറ്ററിനും 15 ദിവസം വീതവും വരെയുള്ള സമയപരിധിക്കുള്ളിൽ വൈദ്യുത കണക്ഷനുകൾ നൽകി വരുന്നു. കണക്ഷൻ ലഭ്യമാക്കാൻ ചെലവാകുന്ന തുക അടച്ച ടി 34 ഉപഭോക്താക്കൾക്കും മുകളിൽ സൂചിപ്പിച്ചിരിക്കുന്ന സമയ പരിധിക്കുള്ളിൽ മറ്റു തടസ്സങ്ങളില്ലെങ്കിൽ കണക്ഷനുകൾ നൽകാവുന്നതാണ്.

**സെക്ഷൻ ഓഫീസർ**